DESPATCHED
On. 22/06/2020

05/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1876(4)/2015/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊുള്ള നടപടിക്രമം**

**(ഫയൽ നം.12289/എസ്.ഐ.സി–ജി 2/2015)**

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ശേഖര. എ,<br>അത്തുക്കുഴി ഹൗസ്,<br>എടനീർ പി.ഒ,<br>കാസർഗോഡ്. | അപ്പീൽ ഹർജിക്കാരൻ |
| Vs | |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (എൽ) സെക്ഷൻ,<br>താലൂക്ക് ഓഫീസ്,<br>കാസർഗോഡ്.<br>2. അപ്പീൽ അധികാരി &<br>തഹസീൽദാർ,<br>താലൂക്ക് ഓഫീസ്,<br>കാസർഗോഡ്. | എതിർകക്ഷകൾ |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്ക നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി. LA 220/95/ പാടി ഫയലുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ടിയാൻ ആരാഞ്ഞിരുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 27.12.2019 ൽ കാഞ്ഞങ്ങാട് PWD റസ്റ്റ് ഹൗസിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പങ്കെടുത്തു.

3. അപേക്ഷകൻ ആവശ്യപ്പെട്ട LA 220/95/ പാടി ഫയൽ 31.10.1998 ലെ കാസർഗോഡ് LA സ്പെഷ്യൽ തഹസീൽദാരുമായി ബന്ധപ്പെട്ടതാണെന്നും, 31.10.1998 ൽ ടി ഓഫീസ് നിർത്തലാക്കിയതാണെന്നും, ഓഫീസ് നിർത്തലാക്കിയപ്പോൾ ടി ഫയൽ തങ്ങൾക്ക് കൈമാറിയതായി രേഖകളില്ലെന്നും, അതുകൊണ്ടാണ് വിവരങ്ങൾ പൂർണമായി നൽകാൻ കഴിയാതെ വന്നതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4. ഒന്നാം എതിർക്കക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങളടങ്ങുന്ന ഫയൽ, നേരത്തെ ടി ഫയൽ കൈകാര്യം ചെയ്തിരുന്ന ഓഫീസ് നിർത്തലാക്കിയപ്പോൾ കൈമാറ്റം ചെയ്തിരുന്നതായി രേഖകളില്ലെന്ന ഒന്നാം എതിർകക്ഷിയുടെ മൊഴി മുഖവിലയ്ക്കെടുക്കേണ്ടിയിരിക്കുന്നു എന്ന് കമ്മീഷൻ കരുതുന്നു.

5. എന്നാലും ഇക്കാര്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ടി ഫയൽ വിശദമായ അന്വേഷണത്തിനു ശേഷവും കണ്ടെത്താൻ കഴിഞ്ഞില്ലെന്ന കാര്യം വിവരാവകാശ നിയമത്തിന്റെ 18(3) സി വകുപ്പ് പ്രകാരം സത്യവാങ്മൂലമായി ഈ ഉത്തരവ് ലഭിച്ച്

രണ്ടാഴ്ചയ്ക്കുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ് എന്നു നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 05.03.2020 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re